# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എഴുമറ്റൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ പി 8 - 751/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 20/12/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എഴുമറ്റൂര് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എഴുമറ്റൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എഴുമറ്റൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.ടി.എ പി 8 - 751/2021 തീയ്യതി: 20/12/2021

## പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-12-2019 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 18-10-2021 | 30-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-10-2021 | 30-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.രഞ്ജീവ് വി കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ഹരികുമാർ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി.വി.നായർ, ഓഡിറ്റർ
ശ്രീമതി ആശ എം കുരുവിള, ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ.വി.എൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജയൻ പുളിയ്ക്കൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി ശോഭ മാത്യു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ അനിൽകുമാർ എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 06-04-2020 |
| ശ്രീ ആർ ശ്രീകുമാർ | സെക്രട്ടറി | 07-04-2020 | 04-02-2021 |
| ശ്രീ പി കെ ജയൻ | സെക്രട്ടറി | 05-02-2021 | 06-03-2021 |
| ശ്രീ സലിം എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ കുമാർ എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 17-06-2020 |
| ശ്രീ സലിം എം | അസിസ്റ്റന്റ് സെക്രട്ടറി | 18-06-2020 | 31-03-2021 |
| ശ്രീ നന്ദകുമാർ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ മാത്യു എബ്രഹാം | കൃഷി ഓഫീസർ | 01-04-2020 | 03-07-2020 |
| ശ്രീ നിഖിൽ കെ | കൃഷി ഓഫീസർ(ചാർജ്) | 03-07-2020 | 12-10-2020 |
| ശ്രീമതി സാലിഹ ആർ | കൃഷി ഓഫീസർ | 12-10-2020 | 27-01-2021 |
| ശ്രീമതി ലതാ മേരി തോമസ് | കൃഷി ഓഫീസർ(ചാർജ്) | 27-01-2021 | 22-02-2021 |
| ശ്രീമതി സാലിഹ ആർ | കൃഷി ഓഫീസർ | 22-02-2021 | 25-02-2021 |
| ശ്രീ നിഖിൽ കെ | കൃഷി ഓഫീസർ(ചാർജ്) | 25-02-2021 | 08-03-2021 |
| ശ്രീമതി അമ്പിളി വി എൽ | കൃഷി ഓഫീസർ(ചാർജ്) | 08-03-2021 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. വിനി ആൻ വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-04-2020 | 13-09-2020 |
| ഡോ. എ കണ്ണൻ | വെറ്ററിനറി സർജൻ | 14-09-2020 | 31-03-2021 |
| ശ്രീമതി റാഫിയ പി എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 30-05-2020 |
| ശ്രീമതി പ്രേമ എൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 30-05-2020 | 02-11-2020 |
| ശ്രീമതി ഉഷ കെ കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 02-11-2020 | 31-03-2021 |
| ഡോ. മായ രാജഗോപാൽ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ. നന്ദാദേവി എൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 08-02-2021 |
| ഡോ. അർച്ചന | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 08-02-2021 | 31-03-2021 |
| ശ്രീമതി സിന്ധു എലിസബത്ത് ബാബു | ഹെഡ്മിസ്ട്രസ് | 01-04-2020 | 17-06-2020 |
| ശ്രീമതി എമിലി ജോർജ് | ഹെഡ്മിസ്ട്രസ് | 17-06-2020 | 31-03-2021 |
| ശ്രീ നിധീഷ് ചന്ദ്രൻ | വി.ഇ.ഒ I | 01-04-2020 | 31-03-2021 |
| ശ്രീമതി വിദ്യ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി മഞ്ജു എസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 06-08-2020 | 03-11-2020 |
| ശ്രീ മനു ആർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 03-11-2020 | 10-02-2021 |
| ശ്രീമതി രഞ്ജിനി പി കെ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 10-02-2021 | 31-03-2021 |
| ശ്രീമതി.രമ്യമോൾ ആർ | വി.ഇ.ഒ II | 01-04-2020 | 22-09-2020 |
| ശ്രീ.നിധീഷ് ചന്ദ്രൻ | ലേഡി വി.ഇ.ഒ II | 22-09-2020 | 09-02-2021 |
| ശ്രീമതി.ഇന്ദു ബി | വി.ഇ.ഒ II | 10-02-2021 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M Harikumar (Asst. Audit Officer, On 29-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: M Harikumar (Asst. Audit Officer, On 27-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: M Harikumar (Asst. Audit Officer, On 27-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 27-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം- അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 27-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: M Harikumar (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: M Harikumar (Asst. Audit Officer, On 29-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Asha M Kuruvilla (Auditor, On 28-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-7 |
| 9 | കാഷ് ബാലൻസ് പരിശോധന<br>Written By: M Harikumar (Asst. Audit Officer, On 26-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: M Harikumar (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 29-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-10 |
| 12 | തൊഴിൽ നികുതി അപാകങ്ങൾ<br>Written By: SINDHUMOL V N (Auditor, On 01-11-2021)<br>Last Updated By: Johncy John (Computer Assistant, On 13-12-2021) | 1-11 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: SINDHUMOL V N (Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-11-1 |
| 14 | ലൈസൻസ്,എടുക്കുകയോ സ്ഥാപന തൊഴിൽ നികുതി അടക്കുകയോ ചെയ്യുന്നില്ല<br>Written By: SINDHUMOL V N (Auditor, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-11-2 |
| 15 | ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയില്ല<br>Written By: Ranjeev V.K (Audit Officer (HG), On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-12 |
| 16 | ശമ്പള നിർണ്ണയം- ജീവനക്കാരന് അധികം തുക അനുവദിച്ചു<br>Written By: M Harikumar (Asst. Audit Officer, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-13 |
| 17 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തത്-സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി<br>Written By: M Harikumar (Asst. Audit Officer, On 28-10-2021)<br>Last Updated By: Johncy John (Computer Assistant, On 16-12-2021) | 1-14 |

| | | |
|---|---|---|
| 18 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറിയിട്ടില്ല<br>Written By: Asha M Kuruvilla (Auditor, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-15 |
| 19 | നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല- തുടർ നിരീക്ഷണം അനിവാര്യം<br>Written By: M Harikumar (Asst. Audit Officer, On 29-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-16 |
| 20 | കുടിവെള്ള പദ്ധതി- നിക്ഷേപം 53 ലക്ഷം രൂപ- പദ്ധതികൾ കടലാസ്സിൽ<br>Written By: M Harikumar (Asst. Audit Officer, On 29-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-16-1 |
| 21 | ആയൂർവ്വേദ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല<br>Written By: SINDHUMOL V N (Auditor, On 28-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-17 |
| 22 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: Asha M Kuruvilla (Auditor, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-18 |
| 23 | വീട് വാസയോഗ്യമാക്കൽ (ജനറൽ) - ആനുകൂല്യം കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കിയില്ല<br>Written By: Asha M Kuruvilla (Auditor, On 28-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-19 |
| 24 | മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാകാൻ അവശേഷിക്കുന്നു<br>Written By: Aswathy.V.Nair (Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-20 |
| 25 | ആർട്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി<br>Written By: Aswathy.V.Nair (Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-21 |
| 26 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം<br>Written By: Aswathy.V.Nair (Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-22 |
| 27 | കെയ്ക്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി<br>Written By: Aswathy.V.Nair (Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-23 |
| 28 | കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ലേലതുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-24 |
| 29 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പ്രോജക്ട് നിർവഹണം - അപാകങ്ങൾ<br>Written By: Ranjeev V.K (Audit Officer (HG), On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-25 |
| 30 | ഹരിതകർമ്മസേന പ്രവർത്തനം -അവലോകനം<br>Written By: Asha M Kuruvilla (Auditor, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-26 |
| 31 | റീ ടാറിംഗ് - ബില്ല് തീർപ്പാക്കിയത് ടാറിന്റെ ബില്ലില്ലാതെ<br>Written By: Ranjeev V.K (Audit Officer (HG), On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 22-12-2021) | 1-27 |
| 32 | ജി.എസ്.ടി നഷ്ടപരിഹാരം നല്കിയത് പത്രികവാങ്ങാതെ<br>Written By: Ranjeev V.K (Audit Officer (HG), On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 22-12-2021) | 1-28 |
| 33 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി- ന്യൂട്രിമിക്സ് യൂണിറ്റിന് അധികം തുക നൽകി | 1-29 |

| | | |
|---|---|---|
| | Written By: Aswathy.V.Nair (Auditor, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | |
| 34 | വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള വിതരണം- സംയുക്ത പരിശോധന നടത്തിയില്ല<br>Written By: Asha M Kuruvilla (Auditor, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 22-12-2021) | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും<br>Written By: Aswathy.V.Nair (Auditor, On 26-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M Harikumar (Asst. Audit Officer, On 26-10-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 30-10-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Aswathy.V.Nair (Auditor, On 26-10-2021)<br>Last Updated By: Aswathy.V.Nair (Auditor, On 26-10-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: M Harikumar (Asst. Audit Officer, On 26-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Aswathy.V.Nair (Auditor, On 26-10-2021)<br>Last Updated By: Aswathy.V.Nair (Auditor, On 26-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Aswathy.V.Nair (Auditor, On 26-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Aswathy.V.Nair (Auditor, On 26-10-2021)<br>Last Updated By: Johncy John (Computer Assistant, On 04-12-2021) | 4-7 |
| 8 | ചാർജ്,സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Aswathy.V.Nair (Auditor, On 26-10-2021)<br>Last Updated By: Aswathy.V.Nair (Auditor, On 26-10-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aswathy.V.Nair (Auditor, On 26-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 22-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aswathy.V.Nair (Auditor, On 26-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 13.03.2020 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 16.02.2021 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

സ്ഥാപനത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി3 : Reserves:- തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും മറ്റ് മൂലധന നിക്ഷേപങ്ങൾക്കുമായി ചെലവഴിച്ച തുകയെല്ലാം റവന്യൂ ഹെഡിൽ വരവ് വെച്ചിരിക്കുന്നു. ഇവ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല. തൻമൂലം വാർഷിക കണക്കിൽ അധിക വരുമാനം (Excess Of Income Over Expenditure) പ്രതിഫലിക്കുന്നു.

2.ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes:- Funds Received For Specific Purposes, Beneficiary Contributions എന്നീ അക്കൗണ്ടുകളിലെ ബാലൻസ് കൃത്യമല്ല. ഗ്രാന്റുകളുടെ വരവ്, വിനിയോഗ വിവരം എന്നിവ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

3. സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ വിവരം അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല. തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ നിക്ഷേപിച്ചുവരുന്നു.

4. ഷെഡ്യൂൾ ബി7: Deposits Received- 3 വർഷത്തിലധികമായി നിൽക്കുന്ന തുകകൾ റെവന്യൂ ഹെഡിലേക്ക് മാറ്റിയിട്ടില്ല. ഡെപ്പോസിറ്റായി ലഭിക്കുന്ന തുകകൾ റെവന്യൂ ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.

5. ഗ്രാമ പഞ്ചായത്ത് മുൻകാലങ്ങളിൽ ആർജ്ജിച്ച എല്ലാവിധ ആസ്തികളും അക്കൗണ്ട് ചെയ്തിട്ടില്ല. നിക്ഷേപ പ്രവൃത്തികൾ ആസ്തി ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

6. ഷെഡ്യൂൾ ബി7: Cash & Bank Balance-

(I) SBT Thelliyoor- കാഷ് ബുക്കും ബാങ്ക് സ്റ്റേറ്റുമെന്റുമായി 37,111 രൂപയുടെ വ്യത്യാസമുണ്ട്. (A.F.S പ്രകാരം 3456722) അക്കൗണ്ട് റിക്കൺസിലിയേഷൻ നടത്തി ബാലൻസ് പൊരുത്തപ്പെടുത്തിയിട്ടില്ല.

(Ii) SBT Thelliyoor( E-Payment)- കാഷ് ബുക്കും ബാങ്ക് സ്റ്റേറ്റുമെന്റുമായി 9,366 രൂപയുടെ വ്യത്യാസമുണ്ട്. (A.F.S പ്രകാരം 28921) അക്കൗണ്ട് റിക്കൺസിലിയേഷൻ നടത്തി ബാലൻസ് പൊരുത്തപ്പെടുത്തിയിട്ടില്ല.

(Iii) DCB Own Fund- കാഷ് ബുക്കും ബാങ്ക് സ്റ്റേറ്റുമെന്റുമായി 49,771 രൂപയുടെ വ്യത്യാസമുണ്ട്. (A.F.S പ്രകാരം 3286264) അക്കൗണ്ട് റിക്കൺസിലിയേഷൻ നടത്തി ബാലൻസ് പൊരുത്തപ്പെടുത്തിയിട്ടില്ല.

7. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs. 85,77,245.00

Depoist With KSEB - Rs. 14,03,102.00

Electricty Depoist - Rs. 49,798.00

8. Advance To Others:- വിനിയോഗ വിവരം കൃത്യമാക്കി അക്കൗണ്ട് ചെയ്തിട്ടില്ല. നീക്കിയിരുപ്പ് തുക കൃത്യമല്ല.

9. B-11(A) Capital Work In Progress:- ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി കാണിച്ചിട്ടുള്ള തുക രൂ. 46,43,628/- തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു. അക്കൗണ്ടിംഗിൽ കൃത്യതയില്ല.

10. ഷെഡ്യൂൾ I-6: MG-NREGA- ലഭ്യമാക്കിയിട്ടുള്ള കണക്കുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

11. മെയിന്റനൻസ് ഗ്രാന്റ്-റോഡിതര വിഭാഗത്തിൽ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത 38,587/- രൂപ വാർഷിക കണക്കിൽ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടില്ല.

12. ഷെഡ്യൂൾ ബി-9: Other Liabilities-Net Salary Payable, Pension Contribution Payable, GIS എന്നീ ഹെഡുകളിൽ ബാധ്യത കാണിച്ചിരിക്കുന്ന തുകയും ചെലവഴിച്ച തുകയും തമ്മിൽ വ്യത്യാസമുണ്ട്.

13. Liabilty In Respect Of Stale Cheque- വർഷങ്ങളായി കാണിച്ചിട്ടുള്ള തുക ക്രമപ്പെടുത്തിയിട്ടില്ല.

14. ആസ്തികൾക്ക് തേയ്മാന ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 91,52,921 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,08,89,877 |
| ആകെ വരവ് | 7,00,42,798 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,02,11,999 |
| നീക്കിയിരിപ്പ് | 98,30,799 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 12020000 | 12020000 | 11601494 | -- | 418506 |
| വികസന ഫണ്ട്-എസ്.സി.പി | „ | 4283000 | 4283000 | 3973126 | -- | 309874 |
| വികസന ഫണ്ട്-ടി.എസ്.പി | „ | 220500 | 220500 | 196000 | -- | 24500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | „ | 5270000 | 5270000 | 4851198 | -- | 418802 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | „ | 9757726 | 9757726 | 7146344 | -- | 2611382 |
| മെയിന്റനൻസ് , റോഡ് | „ | 5423000 | 5423000 | 5423000 | -- | 0 |
| മെയിന്റനൻസ് , നോൺ-റോഡ് | „ | 3815000 | 3815000 | 3085622 | -- | 729378 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | | |
| സാക്ഷരത | 15529 | -- | 15529 | -- | -- | 15529 |
| ശുചിത്വ മിഷൻ | 432090 | 1935088 | 2367178 | 894187 | -- | 1472991 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | | |
| ഐ.സി.ഡി.എസ്. | 77185 | 480764 | 557949 | 407231 | -- | 150718 |
| എം.ജി.എൻ. ആർ.ജി.എസ് | 209250 | 1266881 | 1476131 | 1319452 | -- | 156679 |
| സമ്പൂർണ്ണ ശുചിത്വം | 27000 | 140000 | 167000 | -- | -- | 167000 |

| | | | | | | |
|---|---|---|---|---|---|---|
| പൈക്ക | 73000 | -- | 73000 | -- | -- | 73000 |

## 1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക, വരവ് ചെലവ് കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക | ചെലവ് തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 336588 | -- |
| ,, | അങ്കണവാടി അധിക വേതനം | 919800 | -- |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 102627 | -- |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | വോട്ടിംഗ് മെഷീൻ ചെലവ് | 38587 | 38587 |

## 1-5 പദ്ധതി അവലോകനം

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 181 | 82491665 | 141 | 44163858 | 40 | 53.54% |

(2) വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും ചുവടെ ചേർക്കുന്നു.

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 10586275 | 5313715 | 50.19 |
| സേവനം | 52841882 | 24563391 | 46.48 |
| പശ്ചാത്തലം | 19063508 | 14286752 | 74.94 |
| ആകെ | 82491665 | 44163858 | 53.54 |

(3) 2020-21-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരു-ത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 1 | 1 | 350000 | 350000 |
| 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 8 | 6 | 2738751 | 1229108 |
| 3 | കൃഷി ഓഫീസർ | 10 | 6 | 4584975 | 2167260 |
| 4 | സെക്രട്ടറി | 34 | 22 | 26613209 | 11788440 |
| 5 | വെറ്ററിനറി സർജൻ | 6 | 5 | 1556300 | 833409 |
| 6 | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 7 | 2491045 | 1956713 |

| | | | | | |
|---|---|---|---|---|---|
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 12 | 12746600 | 6256600 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 7 | 3765014 | 3323432 |
| 9 | ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 3 | 2210000 | 1609890 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 9 | 2408789 | 1395580 |
| 11 | ഹെഡ്മാസ്റ്റർ | 2 | 1 | 650000 | 500000 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 59 | 20888982 | 12467361 |
| 13 | ഫിഷറീസ് ഇൻസ്പെക്ടർ | 3 | 3 | 1488000 | 286065 |
| | **ആകെ** | **181** | **141** | **82491665** | **44163858** |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 209249 | 1335772 | 1545021 | 1388342 | 156679 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 22383000 | 22383000 | 22383000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻവാഹിതർക്കുള്ള | 33,91,800 | 251 |
| വാർദ്ധക്യകാല പെൻഷൻ | 2,58,10,300 | 1,874 |
| വികലാംഗ പെൻഷൻ | 33,19,300 | 229 |
| വിധവാ പെൻഷൻ | 69,13,400 | 474 |
| 50 വയസ്സിനുമകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1,24,000 | 10 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90,000 | 3 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26/10/2021, 10.00AM -ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 1300 (ആയിരത്തി മുന്നൂറ് രൂപാ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**അക്കൗണ്ടിംഗ് സമ്പ്രദായം, ക്യാഷ് & ബാങ്ക് എന്നിവയിന്മേലുള്ള നിയന്ത്രണം**

ജി.ഒ.(എം.എസ്.) 83/11/തസ്വഭവ തീയതി 28-03-2011 പ്രകാരമാണ് 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ നിലവിൽ വന്നിട്ടുള്ളത്. ദിവസേനയുള്ള നികുതി/നികുതിയേതര വരവുകൾ അതാതു ദിവസം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ചെലവിന്റെ കാര്യത്തിൽ ആയത് സംഭവിക്കുന്ന മുറയ്ക്ക്

രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. കേന്ദ്ര /സംസ്ഥാന ഗവൺമെന്റ് ഗ്രാന്റുകൾ, മറ്റ് വരവുകൾ എന്നിവ ലഭിക്കുന്ന വേളയിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടാതിരിക്കുകയും അവയുടെ ചെലവുകൾ കൃത്യമാക്കി അക്കൗണ്ട് ചെയ്യുന്നതിലും പോരായ്മകൾ ഉണ്ട്. വരവ് ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ രേഖപ്പെടുത്തുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. വിവിധ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ യഥാസമയം നടത്തുന്നില്ല. മേൽക്കാരണങ്ങളാൽ സ്ഥാപനത്തിന്റെ ഒരു പ്രത്യേക സമയത്തെ സാമ്പത്തിക നില അപഗ്രഥനം ചെയ്യുന്നതിന് അധികൃതർക്ക് സാധിക്കുന്നില്ല.

ലെഡ്ജർ അക്കൗണ്ടുകൾ നിർദ്ദിഷ്ട ഇടവേളകളിൽ ബാലൻസ് ചെയ്ത് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. സിസ്റ്റത്തിൽ രേഖപ്പെടുത്തുന്ന ജേണൽ എൻട്രികൾ രേഖകളാക്കി ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല. അക്കൗണ്ടിംഗ് ചട്ടങ്ങൾ അനുശാസിക്കുന്ന മുഴുവൻ നടപടിക്രമങ്ങളും പാലിച്ചുവേണം വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടത്.

<u>പൊതുനിയന്ത്രണങ്ങൾ (ജനറൽ കൺട്രോൾസ്)</u>

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ, സ്റ്റേറ്റ്മെന്റുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിക്കാറുണ്ടെങ്കിലും പ്രവൃത്തികൾ സംബന്ധിച്ച തുടർനിരീക്ഷണം നടത്തുന്നതിനാവശ്യമായ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. വിനിയോഗവിവരം, വർക്ക് ബിൽ, എം.ബുക്ക് എന്നിവ നിർവ്വഹണ ഏജൻസികളിൽ നിന്ന് വാങ്ങി സൂക്ഷിക്കുന്നില്ല.

നിർമ്മാണ പ്രവൃത്തികൾ, സാധന സാമഗ്രികളുടെ വാങ്ങലുകൾ എന്നിവ സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. അക്രഡിറ്റഡ് ഏജൽസികളിൽ നിന്നുള്ള വാങ്ങലുകൾ, നിർമ്മാണ പ്രവൃത്തികൾ എന്നിവ നടത്തിയിട്ടുള്ളത് നടപടിക്രമങ്ങൾക്ക് വിരുദ്ധമായിട്ടാണ്.

തെരുവ് വിളക്കുകളുടെ പരിപാലനം, കുടിവെള്ള പദ്ധതികൾക്കായുള്ള വൻ നിക്ഷേപങ്ങൾ എന്നിവ പഞ്ചായത്ത് കമ്മറ്റിയുടെ സവിശേഷ ശ്രദ്ധ പതിയേണ്ട വിഷയങ്ങളാണ്. തെരുവ് വിളക്കുകളുടെ എണ്ണം, പരിപാലനം എന്നിവ നിരീക്ഷിക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകളും റെക്കോഡുകളും സൂക്ഷിക്കുന്നില്ല. കുടിവെള്ള പദ്ധതികൾക്കായി കോടികളുടെ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിലും പദ്ധതികൾ ഒന്നും തന്നെ പൂർത്തിയാക്കിയിട്ടില്ല. ചില പദ്ധതികൾ ആരംഭിച്ചിട്ടുപോലുമില്ല എന്നതും ഖേദകരമായ വസ്തുതയാണ്.

**<u>ആഭ്യന്തര നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പങ്ക്</u>**

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 162 എ (1എ) പ്രകാരം ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർവചിച്ചിരിക്കുന്നു. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നതല്ലാതെ മറ്റ് വിഷയങ്ങൾ കമ്മറ്റിയിൽ ചർച്ച ചെയ്യപ്പെടുന്നില്ല. വരുമാന വർദ്ധനവ്, നികുതിപിരിവ് പുരോഗതി, ഓഡിറ്റ്, വാർഷിക ധനകാര്യ പത്രിക തുടങ്ങിയ പ്രാധാന്യം ഏറെയുള്ള വിഷയങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ചക്ക് വരുന്നില്ല. നിയമം വ്യവസ്ഥ ചെയ്യുന്ന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കുന്നതിലും നഷ്ടം നിജപ്പെടുത്തയിട്ടുള്ള സംഗതികളിൽ തുക തിരികെ ഈടാക്കുന്നതിലും കാലതാമസം ഉണ്ടാകുന്നുണ്ട്. റിപ്പോർട്ടുകൾ പഞ്ചായത്ത് കമ്മിറ്റി വിശദമായി ചർച്ച ചെയ്യപ്പെടുന്നില്ല എന്നത് ഗൗരവമേറിയ പോരായ്മയാണ്. പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## <u>1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2019 മുതൽ 14.11.2019 വരെ | 04/2019 മുതൽ 10/2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.07.2018 മുതൽ 11.07.2018 വരെ | 2013-14 മുതൽ 2017-18 വരെ | 06.09.2018 |

## <u>1-11 തൊഴിൽ നികുതി അപാകങ്ങൾ</u>

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനവും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ഒന്നാം അർദ്ധവർഷം<br>തൊഴിൽ നികുതി<br>അടവാക്കാത്ത സ്ഥാപനങ്ങൾ | രണ്ടാം അർദ്ധവർഷം<br>തൊഴിൽ നികുതി<br>അടവാക്കാത്ത സ്ഥാപനങ്ങൾ |
|---|---|
| പോസ്റ്റ് ഓഫീസ്, തെള്ളിയൂർ | എസ്.ജി. പ്രിന്റേഴ്സ്,<br>തടിയൂർ |
| സെന്റ് ബഹനാൻസ് എൽ.പി.സ്കൂൾ, തെള്ളീയൂർ | ദൈവസഹായം ക്വാറി<br>ചാലാപ്പള്ളി |
| എസ്ജീ പ്രീന്റേഴ്സ്, തടിയൂർ | ടി.എം.കൺസ്ട്രക്ഷൻസ് |
| സബ്ഗ്രൂപ്പ് ഓഫീസർ, തെള്ളിയൂർക്കാവ് ദേവീ ക്ഷേത്രം ദേവസ്വം | |

തൊഴിൽ നികുതി അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 26/30.10.21) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിഴപലിശ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-11-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2019-20, 2020-21 വർഷങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ.നം. | കരാറുകാരുടെ വിവരങ്ങൾ |
|---|---|
| 1 | രമേഷ് കെ.കെ |
| 2 | സജു എബി മാത്യു |
| 3 | പി.എം.കബീർ |
| 4 | ജോൺ തോമസ് |
| 5 | ബിനു കെ എബ്രഹാം |
| 6 | ജയിംസ് എബ്രഹാം |
| 7 | മാത്യു കെ ചാക്കോ |
| 8 | അജിത്ത് കുമാർ |
| 9 | മോഹന പണിക്കർ |
| 10 | കുറിയാക്കോസ് കെ.ഒ |
| 11 | സണ്ണി ഫിലിപ്പ് |
| 12 | മുരളീധരൻ പി കെ |
| 13 | ജിൻസ് പി ജെയിംസ് |
| 14 | റ്റിജു ജോസ് |
| 15 | സോമശേഖരൻ നായർ |
| 16 | സുനിൽ എം ജി |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ

ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും അല്ലാത്തപക്ഷം തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കേണ്ടതാണ്.

## 1-11-2 ലൈസൻസ്,എടുക്കുകയോ സ്ഥാപന തൊഴിൽ നികുതി അടക്കുകയോ ചെയ്യുന്നില്ല

റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് എടുക്കുകയോ സ്ഥാപന തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല.

**(എ) റേഷൻ റീട്ടെയിൽ ഡിപ്പോകൾ**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.201) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 15 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല.

ടി റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) <u>ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ</u>

പഞ്ചായത്ത് പരിധിയിൽ 4 ക്ഷീരോല്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. സംഘങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. ഇടയ്ക്കാട് ക്ഷീരോല്പാദക സഹകരണ സംഘം
2. തെള്ളിയൂർ ക്ഷീരോല്പാദക സഹകരണ സംഘം
3. എഴുമറ്റൂർ ക്ഷീരോല്പാദക സഹകരണ സംഘം
4. വാളക്കുഴി ക്ഷീരോല്പാദക സഹകരണ സംഘം

മേൽ ക്ഷീരോല്പാദക സംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടിയന്തിരമായി ഈടാക്കുവാൻ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും സെക്രട്ടറിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് വരവ് ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ മാറ്റി നിക്ഷേപിച്ചിട്ടില്ല.

2017-18 ലെ ഇ ടെണ്ടർ ഫീസ് 19200രൂപ ജില്ല പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. 2018-19 മുതൽ 2021-22വരെയുള്ള ഇ ടെണ്ടർ ഫീസ് 8399രൂപ ഇ ടെണ്ടർ ഇടപാടുകൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ തുടങ്ങിയ കറന്റ് അക്കൗണ്ടിൽ(എസ്.ബി.ഐ,തെള്ളിയൂർ,38528849330) നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ 2020-21ൽ ഇ ടെണ്ടർ ചെയ്ത സിഎംഎൽആർആർപി പ്രോജക്ടുകളുടെ ഇ ടെണ്ടർ ഫീസ് 47323രൂപയും അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക പ്രസ്തുത അക്കൗണ്ടിലേക്ക് മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ശമ്പള നിർണ്ണയം- ജീവനക്കാരന് അധികം തുക അനുവദിച്ചു

ശ്രീ. ലിജു ഡി.എൽ.ക്ലർക്ക് തസ്തികയിൽ, 19000-43600 രൂപ ശമ്പള സ്കെയിലിൽ 24000 രൂപ അടിസ്ഥാന ശമ്പളം വാങ്ങിക്കൊണ്ടിരിക്കെ 03-11-2018-ൽ 25200-54000 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗകയറ്റം ലഭിച്ചു. സീനിയർ ക്ലർക്ക് തസ്തികയിലെ ശമ്പളം നിർണ്ണയം നടത്തിയപ്പോൾ ശ്രീ. ബിജുവിന് അധികം തുക അനുവദിച്ചു നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക/ | അർഹതപ്പെട്ട ശമ്പളം/ തീയതി | അനുവദിച്ചു നൽകിയ ശമ്പളം/തീയതി | വ്യത്യാസം (അടിസ്ഥാന ശമ്പളം) | ക്ഷാമബത്ത | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 01 | സീനിയർ ക്ലാർക്ക് | 25200/- 03-11-2018 | 26500/- 03-11-2018 | @650*2= 1300<br>1213 (3.11.18-30.11.18)<br>1300x9=11700 | 3-11.18-30-12-18 @20%=503<br>1.1.19-30.6.19 @23%= 1794<br>1.7.19-31.08.2019 @28%=728 | 15938 |
| 02 | ,, | 25850/- 01-09-2019 (റീ ഫിക്സേഷൻ) | 26500/- 01-09-2019 | @650<br>650x12=7800 | 1.09.19-31.12.19 @28%=728<br>1.1.20-30.6.20 @32%=1248<br>1.7.20-31.08.20 @36%=468 | 10244 |
| 03 | ,, | 26500 01-09-2020 | 26500/- 01-09-2020 | ഇല്ല | -- | -- |
| 04 | ,, | 26500 01-11-2020 | 27150/- 01-11-2020 (തുക നൽകിയത് 02/2021 വരെ) | @650<br>650x4= 2600 | 1.11.2020-28-2-21 @36%=936 | 3536 |
| | **ആകെ** | | | **23313** | **6405** | **29718** |

അധികമായി കൈപ്പറ്റിയ 29,718 രൂപ പഞ്ചായത്തിൽ തിരികെ ഒടുക്കേണ്ടതാണ്.

## 1-14 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തത്-സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതിയ്ക്കായി 2020-21 വർഷം 28,00,000 (ബിൽ നം. 13600895583/6.1.21, 13601401534/27.3.21) രൂപ ചെലവഴിക്കുകയുണ്ടായി (പ്രോജക്ട് നം.S0109/21). കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് വഴി പദ്ധതി നടപ്പിലാക്കിയത് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്.

പഞ്ചായത്തിന്റെ 14വാർഡുകളിലും (ഒരു വാർഡിൽ 2എണ്ണം വീതം) മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. ആയത് പ്രകാരം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമായി 28 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIEL)-നെ 03-09-2020ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തിരഞ്ഞെടുത്തു (തീരുമാനം നം. 1(2)). പദ്ധതി രേഖയിൽ അക്രഡിറ്റഡ് ഏജൻസിയായി ഉൾപ്പെടുത്തിയിരുന്നത് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിനെ ആയിരുന്നു.

ജി.ഒ(പി) 77/2019 ഫിൻ. തീയതി: 04-07-2019 പ്രകാരം പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി(PMC) KSIEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ടെണ്ടർ കൂടാതെ നേരിട്ട് നിർവ്വഹണം നടത്തുന്നതിനുള്ള അനുമതിയല്ല. തന്നെയുമല്ല സ്റ്റീൽ സ്ട്രക്ചറുകളുടെ ഡിസൈൻ, ഫാബ്രിക്കേഷൻ, എന്നിവ ഉൾപ്പെടുന്ന കരാർ പ്രവൃത്തികളുടെ ഭാഗമായുള്ള സ്റ്റീൽ സ്ട്രക്ചറുകൾ, ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് സർക്കാർ അവർക്ക് അനുമതി നൽകിയിട്ടുമില്ല. "Supply And Installation Of 6 Mtr. GI Pole With 3x100W LED Street Light At Various Locations In Ezhumattoor Grama Panchayat"

എന്നതായിരുന്ന പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഒരു മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് നികുതികൾ ഉൾപ്പെടെ ഒരു ലക്ഷം രൂപയായിരുന്ന കരാർതുക (കരാർ തീയതി 28-08-2020). സ്ഥാപനം ലഭ്യമാക്കിയ എസ്റ്റിമേറ്റ് അപ്രകാരം അംഗീകരിച്ച് പദ്ധതി നടത്തിപ്പ് KSIEL എന്ന ഏജൻസിയുമായി റേറ്റിന്റെ കാര്യത്തിൽ 'നെഗോസിയേഷൻ' നടത്തിയിട്ടില്ല. ജി.ഒ(പി) നം.95/2017/ഫിൻ. തീയതി: 25-07-2017 പ്രകാരം അക്രഡിറ്റേഷൻ ഉത്തരവുകളിൽ 'എൻലിസ്റ്റ്' ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേല നടപടികളിലൂടെ മാത്രമേ ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കാവൂ എന്ന് നിഷ്കർച്ചിട്ടുണ്ട്. മത്സരാധിഷ്ഠിതവും സുതാര്യവുമായമായ ലേല നടപടികൾ ഒഴിവാക്കി പ്രസ്തുത പ്രവൃത്തിക്ക് നിർവ്വഹണ ഏജൻസിയായി KSIEL-നെ തെരഞ്ഞെടുത്തത് ക്രമ വിരുദ്ധമാണ്. ആയത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത്തരത്തിൽ പ്രവൃത്തി ചെയ്യാനുണ്ടായ സാഹചര്യം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 07/2020-21 തീയതി: 25-10-2021), പ്രവൃത്തിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ ആംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രവൃത്തി ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് തൃപ്തികരമല്ല. പ്രൊജക്ടുകൾക്ക് വേണ്ടി തുക ചെലവഴിക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുക കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

**എ) തെരുവു വിളക്കുകളുടെ കണക്ക്, വൈദ്യുതി ചാർജ്ജ്**

തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള എണ്ണം കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 2019-20 & 2020-21 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലും തെരുവ് വിളക്കുകളുടെ പരിപാലനത്തിനുമായും ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ (AFS പ്രകാരമുള്ളത് )ചുവടെ ചേർക്കുന്നു.

| ചെലവിനം | 2019-20 | 2020-21 |
|---|---|---|
| തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് | ₹ 6,26,675 | ₹ 6,73,450 |
| തെരുവ് വിളക്കുകളുടെ പരിപാലനം | ₹ 3,60,292 | ₹ 5,86,254 |

**ബി) മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറുന്നതിന്റെ അവശ്യകത**

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് സർക്കുലർ നം. ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപ്പെടുത്തിയിട്ടുള്ളതിന്റെ വിവരം, മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറുന്നതിന് സ്വീകരിച്ച നടപടികൾ, 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖ. 3-6(2)-മേൽ (2016-17, 2017-18 വർഷങ്ങളിലായി മീറ്റർ സ്ഥാപിക്കുന്നതിന് വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിലായി 5,51,200 രൂപ നിക്ഷേപിച്ചിട്ടുണ്ട്) സ്വീകരിച്ച നടപടി എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട്നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/30.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

**<u>സി) ഓഡിറ്റ് നിർദ്ദേശങ്ങൾ.</u>**

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം വിളക്കുകൾ സ്ഥാപിക്കുമ്പോഴും കണക്കുകൾ കൃത്യമാക്കേണ്ടതാണ്.

3. നിലവിലില്ലാത്ത വിളക്കുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കി വരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അറ്റകുറ്റപണികൾക്കാവശ്യമായ വിളക്കുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണ സമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-16 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല- തുടർ നിരീക്ഷണം അനിവാര്യം

2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക |
|---|---|---|---|
| 1 | 9-ാം വാർഡ് അങ്കണവാടി നിർമ്മാണം പഞ്ചായത്ത് വിഹിതം നൽകൽ- MGNREGS മിഷൻ ഡയറക്ടർക്ക് നൽകിയത് (S0149/21) | MGNREGS | 2,60,000 |
| 2 | തെള്ളിയൂർക്കാവ് ജലവിതരണ പദ്ധതി വിപുലീകരണം (S0206/21) | കേരള വാട്ടർ അതോറിറ്റി | 30,00,000 |
| 3 | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി (S0207/21) | കേരള വാട്ടർ അതോറിറ്റി | 23,00,000 |
| 4 | ളാഹേത്ത് പടി അടിച്ചിനാകുഴി റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0204/21) | കെ.എസ്.ഇ.ബി. | 65,136 |
| 5 | വാഴക്കാല പെരുമ്പാറ റോഡിൽ അവശേഷിക്കുന്ന ഭാഗത്ത് സ്ട്രീറ്റ്മെയിൻ വലിക്കൽ (S0183/21) | കെ.എസ്.ഇ.ബി. | 29,750 |
| 6 | 8-ാം വാർഡിലെ വള്ളിക്കാല കോളഭാഗം റോഡിൽ വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ (S0118/21) | കെ.എസ്.ഇ.ബി. | 1,07,100 |
| 7 | വാർഡ് 10-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (S0052/21) | കെ.എസ്.ഇ.ബി. | 79,730 |
| | **ആകെ** | | **58,41,716** |

കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ പ്രവൃത്തികൾക്കായി തുക നിക്ഷേപിക്കാറുണ്ടെങ്കിലും സ്ഥാപനവുമായി ഏർപ്പെടുന്ന കരാർ വ്യവസ്ഥകൾ പാലിക്കപ്പെടാറില്ല. 2020-21 വർഷം രണ്ട് പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്.

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് വർക്ക്ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് , വാല്യൂവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെടുകയോ, പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ ചെലവ് കഴിഞ്ഞ് മിച്ചം വരുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യാറില്ല.

2020-21-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഏജൻസി | തുക |
|---|---|---|
| 1 | കെ.എസ്.ഇ.ബി. | 14,03,102 |
| 2 | കേരള വാട്ടർ അതോറിറ്റി | 85,77,245 |

മുൻ വർഷങ്ങളിൽ ഒടുക്കിയ തുകകളുടെ പൂർത്തീകരണ രേഖകൾ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും കൈപ്പറ്റി ആസ്തി ഹെഡിലേക്ക് മാറ്റുന്നതിന് പഞ്ചായത്ത് യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല. തുകകൾ ക്രമീകരിക്കാനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-16-1 കുടിവെള്ള പദ്ധതി- നിക്ഷേപം 53 ലക്ഷം രൂപ- പദ്ധതികൾ കടലാസ്സിൽ

2020-21 വർഷം ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത രണ്ട് കുടിവെള്ള പദ്ധതികൾക്ക് 53 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | തെള്ളിയൂർക്കാവ് ജലവിതരണ പദ്ധതി | കേരള വാട്ടർ | 30,00,000 |

| | | | |
|---|---|---|---|
| | വിപുലീകരണം (S0206/21) | അതോറിറ്റി | |
| 2 | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി (S0207/21) | കേരള വാട്ടർ അതോറിറ്റി | 23,00,000 |

ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതികൾക്ക് കേരള വാട്ടർ അതോറിറ്റിയുമായി 03-02-2021-കരാർ ചമയ്ക്കുകയുണ്ടായി(കരാർ നം. സി6-445/21). കരാർ പ്രകാരം രണ്ട് പദ്ധതികളും 2020-21 സാമ്പത്തിക വർഷം പൂർത്തീകരിച്ച് 31-03-2021-ന് മുമ്പായി വിനിയോഗം സാക്ഷ്യപത്രം പഞ്ചായത്തിന് കൈമാറേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

കേരള വാട്ടർ അതോറിറ്റി 26-08-2021-ൽ ഗ്രാമ പഞ്ചായത്തിന് നൽകിയ കത്തിൽ പറയുന്നത് പ്രകാരം. "തെള്ളിയൂർക്കാവ് ടാങ്കിലേക്കുള്ള പമ്പിംഗ്/ഗ്രാവിറ്റി മെയിൻ പൈപ്പ് ലൈൻ വിപുലീകരണ പ്രവൃത്തികൾക്ക് 16-02-2021, 25-02-2021, 4-3-2021 എന്നീ തീയതികൾ അവസാന ദിനമായി നിശ്ചയിച്ച് ദർഘാസ് ക്ഷണിക്കുകയും കരാറുകാർ ആരും തന്നെ പങ്കെടുക്കാത്തതിനെ തുടർന്ന് ടെണ്ടർ റദ്ദ് ചെയ്യുകയും ചെയ്തതാണ്. തുടർന്ന് 07-05-2021 അവസാന ദിനമായി വീണ്ടും ടെണ്ടർ ക്ഷണിച്ചു. അതിലും ആരും പങ്കെടുത്തില്ല. പിന്നീട് 09-07-2021 അവസാനദിനമായി ടെണ്ടർ ക്ഷണിക്കുകയും ഒരു കരാറുകാരൻ മാത്രം ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. കരാറുകാരൻ ക്വോട്ട് ചെയ്തത് 9.90% കൂടിയ തുകയ്ക്കായിരുന്നു. ടെണ്ടർ സമർപ്പിച്ച കരാറുകാരൻ പിന്നീട് പിന്മാറുകയും കരാർ റദ്ദാക്കപ്പെടുകയും ചെയ്തു. മറ്റ് മാർഗ്ഗങ്ങളിൽ കൂടി പ്രവൃത്തി ചെയ്യുന്നതിന് 2.622 ലക്ഷം കൂടി അധികമായി നൽകണമെന്ന കാണിച്ച് വാട്ടർ അതോറിറ്റി പഞ്ചായത്തിന് കത്ത് നൽകുകയും തുടർന്ന് 10-09-2021-ൽ പ്രവൃത്തി സംബന്ധിച്ച് എല്ലാ പ്രവർത്തനങ്ങളും നിർത്തി വെയ്ക്കുന്നതായി വാട്ടർ അതോറിറ്റി അറിയിക്കുകയുമുണ്ടായി.

വാട്ടർ അതോറിറ്റി നൽകിയ കത്തിന് മറുപടിയായി, 18-09-2021 ൽ സെക്രട്ടറി നൽകിയ കത്തിൽ, കരാർ പ്രകാരം പദ്ധതി പൂർത്തിയാക്കാത്തത് അനുചിതവും കരാർ വ്യവസ്ഥകളുടെ ലംഘനവുമാണെന്ന പ്രസ്താവിച്ചിരിക്കുന്നു. നിലവിൽ പദ്ധതികൾ മുടങ്ങികിടക്കുകയാണ്. സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാത്ത വാട്ടർ അതോറിറ്റിയും അതിനെതിരെ നിയമ നടപടികൾ സ്വീകരിക്കാത്ത പഞ്ചായത്തും ഒരു പോലെ കുറ്റക്കാരാണ്. വാട്ടർ അതോറിറ്റിയുടെ നഷ്ടോത്തരവാദിത്വത്തിൽ പദ്ധതി പൂർത്തിയാക്കുകയോ കരാർ പ്രകാരം നൽകിയപണം പലിശ സഹിതം ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-17 ആയുർവ്വേദ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആയുർവ്വേദ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി (പ്രോജക്ട് നം. S0012/21) 2020-21 വർഷം ഔഷധിയ്ക്ക് 3,50,000 രൂപ മുൻകൂർ നൽകുകയുണ്ടായി (ബിൽ നം.20050852014400674993 /23.10.2019). നാളിതുവരെ 3,06,689 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 43,311 രൂപയുടെ മരുന്നുകൾ കൂടി ലഭിക്കുവാനുണ്ട്. ഇവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

ഗ്രാമപഞ്ചായത്തിൽ കോവിഡ് കാലത്ത് നടന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1. കോവിഡ് കെയർ സെന്റർ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ ഉത്തരവുകൾ പ്രകാരം കോവിഡ് കെയർ സെന്റർ 15-05-2020 മുതൽ ആരംഭിക്കുകയുണ്ടായി. ബഥനി അക്കാഡമി, വെണ്ണിക്കുളം എന്ന വിദ്യാഭ്യാസ സ്ഥാപനം ഏറ്റെടുത്താണ് കോവിഡ് കെയർ സെന്റർ ആരംഭിച്ചത്. വിദേശത്തു നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നവർക്ക് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള കോവിഡ് മാനദണ്ഡ പ്രകാരമുള്ള ക്വാറന്റൈൻ സൗകര്യം ഒരുക്കുക എന്നതായിരുന്നു കോവിഡ് കെയർ സെന്ററുകളുടെ ലക്ഷ്യം. ക്വാറന്റൈൻ കാലയളവിൽ കോവിഡ് രോഗലക്ഷണങ്ങൾ പ്രകടമാക്കുന്നവരെ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശാനുസരണം ആശുപത്രിയിലേക്കോ CFLTC യിലേക്കോ മാറ്റി ആവശ്യമായ ചികിത്സ ലഭ്യമാക്കുകയും ചെയ്തിരുന്നു.

വെണ്ണിക്കുളം ബഥനി അക്കാഡമിയിൽ ക്വാറന്റൈനിൽ കഴിയുന്നവർക്കും ജീവനക്കാർക്കുമുള്ള ഭക്ഷണം , കുടിവെള്ളം, മെഡിക്കൽ-അനുബന്ധ സാധനങ്ങൾ , ഭക്ഷണവും സാധനങ്ങളും എത്തിക്കുന്നതിനുള്ള വാഹന ചെലവ്, ശുചീകരണ ഉപകരണങ്ങൾ,അടിസ്ഥാന സൗകര്യം ഒരുക്കൽ, ശുചീകരണ തൊഴിലാളികൾക്കുള്ള ശമ്പളം എന്നിവയ്ക്കുള്ള തുക ഗ്രാമപഞ്ചായത്തിൽ നിന്നുമാണ് നൽകിയിരുന്നത്.

കോവിഡ് രോഗബാധ കുറഞ്ഞ സാഹചര്യത്തിൽ ബഹു. ജില്ലാ കളക്ടറുടെ 20/11/2020 ലെ DCPTA/1185/2020-DM5 നമ്പർ ഉത്തരവ് പ്രകാരം വെണ്ണിക്കുളം CCC യുടെ പ്രവർത്തനം 24.11.2020 തീയതിയിൽ നിർത്തലാക്കുകയും ടി സ്ഥാപനം തിരികെ വിട്ടുനൽകുകയും ചെയ്തു. കോവിഡ് കെയർ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ ചെലവായ തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അവശ്യ സാധനങ്ങൾക്കായി ചെലവ് ചെയ്ത തുക | ആഹാരം | സാലറി | ആകെ |
|---|---|---|---|
| ₹ 146493 | ₹ 246030 | ₹ 150090 | ₹ 542613 |

**II. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തനങ്ങൾ**

കോവിഡ്-19 രോഗം സ്ഥിതീകരിക്കപ്പെട്ട രോഗികളിൽ കാര്യമായ രോഗലക്ഷണം ഇല്ലാത്തവരും മറ്റ് ആരോഗ്യ പ്രശനങ്ങൾ ഇല്ലാത്തവരുമായ രോഗികളെ പ്രവേശിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ വൈദ്യസഹായവും പരിചരണവും നൽകുന്നതിനുമായി MCRD നവജ്യോതി സ്കൂളിൽ CFLTC സജ്ജീകരിച്ചിരുന്നെങ്കിലും പ്രവർത്തനം ആരംഭിച്ചില്ല. CFLTC സജ്ജീകരണവുമായി ബന്ധപ്പെട്ട് 428460 രൂപ ചെലവഴിച്ചു. കോവിഡ് വരവ് ചെലവ് നടത്തുന്നതിനായി ഒരു സ്പെഷ്യൽ ട്രഷറി അക്കൌണ്ട് ആരംഭിച്ചിട്ടുള്ളതാണ്. 14/09/2020 ൽ 2,00,000 രൂപ CFLTC അഡ്വാൻസായി ലഭിച്ചിട്ടുണ്ട്.

CCC നടത്തിപ്പുമായി ബന്ധപ്പെട്ട് 4,45,889 രൂപ ലഭിച്ചിട്ടുണ്ട്. (27/08/2020 ൽ 1,61,819 രൂപ, 22/09/2020 ൽ 60,925 രൂപ, 20/10/2020 ൽ 60,925 രൂപ, 09/07/2021 ൽ 1,62,220 രൂപ) ചെലവായിട്ടുള്ളതാണ്.

27/08/2020 ൽ 1,61,819 രൂപ, 22/09/2020 ൽ 60,925 രൂപ, 20/10/2020 ൽ 60,925 രൂപ, 09/07/2021 ൽ 1,62,220 രൂപ സ്റ്റേറ്റ് ഡിസ്സസ് റിലീഫ് ഫണ്ടിൽ നിന്നും റീക്കുപ്പ് ചെയ്തിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ CFLTC, CCC എന്നിവയുടെ പ്രവർത്തനം നിർത്തിയ സാഹചര്യത്തിൽ ഇവയ്ക്കായി വാങ്ങിയ സാധന സാമഗ്രികളും ഉപകരണങ്ങളും സ്റ്റോക്കിലെടുത്ത് നിയമപരമായ നടപടികൾ സ്വീകരിച്ച് കൈയൊഴിയേണ്ടതാണ്.

| ക്രമ നം. | വാങ്ങിയ സാധനങ്ങളുടെ വിവരം | വൗച്ചർ നം. & തീയതി | വൗച്ചർ പ്രകാരം നൽകിയ തുക |
|---|---|---|---|
| 1. | റെഫ്രിജിറേറ്റർ - 2<br>വാഷിംഗ് മെഷീന്- 2<br>കട്ടിൽ -25<br>ഇലക്ട്രിക് കെറ്റിൽ - 10<br>അക്വ വാട്ടർ പ്യൂരിഫയർ -8<br>സ്റ്റീൽ ഗ്ലാസ് -50<br>സ്റ്റീൽ പ്ലേറ്റ് -100<br>ഡ്രസിംഗ് മിറർ -2<br>ഫ്ലോർമാറ്റ് - 10<br>ഫാമിലി വേസ്റ്റ് ബാസ്കറ്റ് - 18 | 22000365/ 4.8.2020 | 1,70,940 |
| 2. | ബെഡ്സ് & പില്ലോസ് | 22000364/ 4.8.2020 | 92,000 |
| 3. | ബെഡ് ഷീറ്റ്, ബ്ലാങ്കറ്റ് & പില്ലോ കവർ | 22000384 /12.08.2020 | 61,950 |

## 1-19 വീട് വാസയോഗ്യമാക്കൽ (ജനറൽ) - ആനുകൂല്യം കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കിയില്ല

2020-21 സാമ്പത്തിക വർഷം വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ (ജനറൽ) [പദ്ധതി നം. S0033/21] എന്ന പദ്ധതിയിൽ മുൻകൂർ ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന

ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/ വിലാസം | വാർഡ് നം. | മുൻകൂർ കൈപ്പറ്റിയ തുക | ബിൽ റഫറൻസ് നം. , തുക & തീയതി |
|---|---|---|---|---|
| 1 | ജോർജ്ജ് പള്ളിത്താഴെ ചാലാപ്പള്ളി പി.ഒ | 3 | ₹ 25,000 | 2005085201370119632 8 ₹ 1,50,000 06.03.2021 |
| 2 | വിജയൻ എൻ. അടിച്ചിനാകുഴിയിൽ തെള്ളിയൂർ പി.ഒ | 8 | ₹ 25,000 | 20050852013701118761 ₹ 1,25,000 20.02.2021 |
| 3 | വിദ്യാധരൻ വെള്ളാങ്കൽ കൊറ്റൻകടി | 1 | ₹ 25,000 | 20050852013701258138 ₹ 2,00,000 16.03.2021 |
| | **ആകെ** | | **₹ 75,000** | |

ഭവന പുനരുദ്ധാരണത്തിനുള്ള തുക മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കാതിരുന്നിനുള്ള വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 4/23.10.2021), ഭവന പുനരുദ്ധാരണം അടിയന്തിരമായി പൂർത്തികരിക്കണം എന്ന് കാണിച്ച് രജിസ്റ്റേഡ് കത്ത് നൽകിയിട്ടുണ്ടെന്നും, പണി പൂർത്തീകരിക്കുവാൻ ഇനിയും അമാന്തം ഉണ്ടാകുന്ന പക്ഷം റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് വി.ഇ.ഒ. ലഭ്യമാക്കിയിരിക്കുന്നത്. വിഷയം ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാകാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥയായി മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെയായും അവ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | S0136/21 പാലിയേറ്റീവ് പരിചരണം (SO) | S0011/21 പാലിയേറ്റീവ് പരിചരണം | S0185/21 പി എച്ച് സി യ്ക്ക് മരുന്നുവാങ്ങൽ |
|---|---|---|---|
| കെ.എം.സി.എൽ ൽ ഒടുക്കിയ തുക ബിൽ നം./ തീയതി | 249000(ജില്ലാ പഞ്ചായത്ത് വിഹിതം) 20050852014001188549/ 05.03.2021 | 250000/-(ജില്ലാ പഞ്ചായത്ത് വിഹിതം) 20050852014001038830/ 18.02.2021 | 300000(മെയിന്റനൻസ് ഫണ്ട് - റോഡിതരം) 20050852014000969969/23.01.21 |
| ലഭ്യമായ മരുന്ന് (രൂപ) | 0 | 149214 | 122554 |
| ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ) | 249000 | 100786 | 177446 |

മേൽ സൂചിപ്പിച്ചതുപ്രകാരം വിവിധ പദ്ധതികളിലായി 527232 രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. ആശുപത്രിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥയും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അവശേഷിക്കുന്ന മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ആർട്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി

2020-21 വർഷം ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ '60 വയസ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ' പദ്ധതി പ്രകാരം ആർട്ടിസാൻസ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്ന് കട്ടിലുകൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം./പേര് | S0028/21 60 വയസ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ |
| അടങ്കൽ | 220800(വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് തുക<br>ബിൽ നം./ തീയതി | 217501<br>16/05.03.2021 – 156601/-<br>18/17.03.2021 -60900/- |

ടി പദ്ധതി പ്രകാരം 50 കട്ടിലിന്റെ വിലയായി 217501 രൂപ ആർട്ടിസാൻസ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് (ആർട്ട്കോ) നൽകിയിട്ടുണ്ട്. 25-07-2017 ലെ ജി.ഒ(പി) നം.95/2017/ധന. നമ്പർ ഉത്തരവിൽ 'അക്രഡിറ്റേഷൻ ഉത്തരവുകളിൽ എൻലിസ്റ്റ്'' ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേല നടപടികളിലൂടെയാണ് ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത്'' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, ആർട്ടിസാൻസ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്ന് കട്ടിൽ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/30.10.2021) തുടർന്ന് വരുന്ന വർഷങ്ങളിൽ ലേലനടപടികൾ സ്വീകരിച്ച് വാങ്ങൽ നടത്തുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായുള്ള വാങ്ങൽ നടപടികൾ ഭാവിയിൽ കർശനമായി ഒഴിവാക്കേണ്ടതാണ്.

## 1-22 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 21 |
| സ്വന്തമായി കെട്ടിടമുള്ളവ | 12 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 9 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 21 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 21 |
| ചുറ്റുമതിൽ ഉള്ളവ | 10 |

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും ചുറ്റുമതിൽ ഇല്ലാത്തവയ്ക്ക് ആയവ നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്.

സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾക്ക് കമ്പ്യൂട്ടർ സൗകര്യം ലഭ്യമാക്കണമെന്നും വാടകയ്ക്ക് പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക (വകുപ്പ് നൽകുന്നതിൽ കൂടുതലായി ചെലവാകുന്ന തുക) പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കണമെന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ ആവശ്യപ്പെട്ടിട്ടുണ്ട്. 29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-23 കെയ്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി

സ.ഉ.(കൈ) 2881/2019/ത.സ്വ.ഭ.വ തീയതി 18.12.2019 നമ്പർ ഉത്തരവ് പ്രകാരം, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സ്വന്തമായി ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധന സാമഗ്രികളും മാത്രം ടെണ്ടർ കൂടാതെ വാങ്ങുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഭാഗമായി, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് വിവിധ നടീൽ വസ്തുക്കൾ, ജൈവവളം എന്നിവ ടെണ്ടർ കൂടാതെ വാങ്ങിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട് നം./ പേര് | കേരള അഗ്രോ ഇൻഡസ്ട്രീസ് |
|---|---|---|

| | | |
|---|---|---|
| നം. | | കോർപ്പറേഷന് നൽകിയ തുകയുടെ വിവരം |
| 1 | 18/21 തെങ്ങിൻതൈ, ജൈവവള വിതരണം | 74900 |
| 2 | 19/21 ഇടവിളകൃഷി- കിഴങ്ങുവർഗ്ഗ കിറ്റ് വിതരണം | 300000 |
| 3 | 20/21ഫലവൃക്ഷ തൈ വിതരണം | 75000 |
| 4 | 21/21പച്ചക്കറി തൈ വിതരണം | 25000 |

തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സാധനങ്ങളും, സേവനങ്ങളും വാങ്ങുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രോക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരവും, സബ്സിഡി മാർഗ്ഗരേഖ പ്രകാരവും KAICO-ൽ നിന്നും നേരിട്ട് ഉല്പാദനോപാധികൾ വാങ്ങുന്നതിന് വ്യവസ്ഥയില്ല. വിത്തുകളും, തൈകളും കൃഷി വകുപ്പ്, ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി VFPCK എന്നിവിടങ്ങളിൽനിന്നും മാത്രമേ നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളൂ. ഈ സാഹചര്യത്തിൽ കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ മേൽനോട്ടത്തിലല്ലാതെയും, പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിധേയമായി ടെണ്ടർ ക്ഷണിക്കാതെയും KAICO-ൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല. 25-07-2017 ലെ ജി.ഒ(പി) നം.95/2017/ധന. നമ്പർ ഉത്തരവിൽ 'അക്രഡിറ്റേഷൻ ഉത്തരവുകളിൽ എൻലിസ്റ്റ്' ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേല നടപടികളിലൂടെയാണ് ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത് ' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് വിവിധ നടീൽ വസ്തുക്കൾ, ജൈവവളം എന്നിവ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയതിന് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/30.10.2021) KAICO യുടെ സ്വന്തം സ്ഥാപനമായ കേരളശ്രീ അഗ്രോ നഴ്സറിയിൽ നിന്നാണ് തൈകൾ വിതരണത്തിന് ലഭ്യമാക്കുന്നതെന്നും ടി നഴ്സറിയിൽ ഉല്പാദിപ്പിക്കുന്ന തൈകൾ ഗുണമേന്മയുള്ളതാണെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തിയിട്ടുള്ളതാണെന്നും സർക്കാരിന്റെ തന്നെ അംഗീകൃത സ്ഥാപനമായതിനാൽ KAICO വഴി പദ്ധതി നടപ്പിലാക്കുന്നതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല എന്ന നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടി അംഗീകരിക്കുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവിന് വിരുദ്ധമായുള്ള വാങ്ങൽ നടപടികൾ ഭാവിയിൽ കർശനമായി ഒഴിവാക്കേണ്ടതാണ്.

## 1-24 കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ലേലതുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തിരികെ നൽകാതെ അവശേഷിക്കുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6) പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസ്റ്റുകൾ, കാലാവധി 3 വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഇത് കൃത്യമായി ഉറപ്പുവരുത്തുന്നതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട റിക്കോർഡുകളുടെ പരിപാലനവും പഞ്ചായത്ത് സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും രജിസ്റ്ററുകളുടെ പരിപാലനം (ഓരോ വർഷവും മുൻവർഷങ്ങളിലെ പിൻവലിക്കാത്ത തുകകൾ തനത് വർഷം, വർഷം തിരിച്ച് ക്യാരിഓവർ ചെയ്യുവാനും) കുറ്റമറ്റതാക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടുന്നതിനുള്ള സത്വര നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്.

## 1-25 അസിസ്റ്റന്റ് എഞ്ചിനിയറുടെ പ്രോജക്ട് നിർവഹണം - അപാകങ്ങൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ ഏറ്റവും അധികം ഫണ്ടുകൾ ചെലവഴിച്ച അസിസ്റ്റന്റ് എഞ്ചിനിയറുടെ പ്രോജക്ട് നിർവഹണത്തിൽ അപാകങ്ങൾ ചുവടെ ചേർക്കുന്നു-

**1.പ്രോജക്ടുകൾ പെരുകുന്നു,ഗുണമേന്മ ഉറപ്പാക്കുന്നില്ല:** 14വാർഡുകൾ മാത്രമുള്ള പഞ്ചായത്തിൽ 2020-21ൽ 74പ്രോജക്ടുകളാണ് പശ്ചാത്തല മേഖലയിൽ അംഗീകരിച്ചത്.ഇതിൽ 28 സ്പിൽഓവർ പ്രോജക്ടുകൾ അടക്കം 59എണ്ണം നടപ്പാക്കി. നടപ്പാക്കിയ പ്രോജക്ടുകളിൽ 27എണ്ണം കോൺക്രീറ്റ് പ്രവൃത്തികളായിരുന്നു. നടപ്പാക്കിയ 59പ്രോജക്ടുകൾക്ക് ആകെ 12467361രൂപ ചെലവുണ്ട്. തൻവർഷപ്രോജക്ടിൽ 21എണ്ണമാണ് നടപ്പാക്കിയത്. സ്പിൽഓവർ പെരുകുന്നതിന് ഒരു കാരണം പ്രോജക്ട് പെരുപ്പമാണ്.

ഗ്രാമപഞ്ചായത്തിനെ ഒറ്റയൂണിറ്റായി കാണാതെ വാർഡ് അടിസ്ഥാനത്തിൽ പ്രോജക്ടുകൾ വീതം വെക്കുന്നതിലാണ് പ്രോജക്ടുകൾ പെരുകുന്നത്.പ്രോജക്ടുകൾ കൂടുന്നത് ഇവയുടെ ഗുണമേന്മപരിശോധിച്ച് ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിഭാഗത്തിന് കഴിയാത്ത അവസ്ഥ സൃഷ്ടിക്കും.

ഓഡിറ്റ് വർഷം നടത്തിയ കോൺക്രീറ്റ് റോഡ് പണികളുടെ ശരാശരി നീളം 100മീറ്ററിൽ താഴെയാണ്.ഒരു റോഡ് മുഴുവൻ നീളത്തിൽ ചെയ്യാതെ ഭാഗങ്ങളായി ചെയ്യുന്നത് ഇ ടെണ്ടറിംഗ് ഒഴിവാക്കി കരാറുകാരെ സഹായിക്കുവാൻ വേണ്ടിയാണെന്ന് കണക്കാവുന്നതാണ്. പശ്ചാത്തല മേഖലയിൽ വലിയതോതിൽ പണം ചെലവാക്കുന്നത് പൊതു താല്പര്യത്തിനാണെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

**2.ടെണ്ടറിൽ മത്സരമില്ല**

ഗുണനിലവാരം ഉറപ്പാക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനുമാണ് മത്സരാധിഷ്ഠിത ടെണ്ടർ പശ്ചാത്തലമേഖലയിലെ പദ്ധതിക്ക് നിർദേശിക്കപ്പെട്ടിരിക്കുന്നത്. ഓഡിറ്റ് വർഷത്തെ ടെണ്ടറിൽ മത്സരമുണ്ടായിട്ടില്ല. ടെണ്ടർനടത്തുമ്പോൾ കരാറുകാർ പങ്കെടുക്കുന്നില്ല.പിന്നീട് റീടെണ്ടറിൽ രണ്ട്പേർമാത്രം ടെണ്ടർ സമർപ്പിക്കുന്നു. ഇതിൽ ഒന്ന് എസ്റ്റിമേറ്റ് നിരക്കും മറ്റേത് ഉയർന്ന നിരക്കുമായിരിക്കും.സ്വാഭാവികമായും എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കപ്പെടുന്നു.രണ്ട് പേർമാത്രം ടെണ്ടർ സമർപ്പിക്കുന്ന ചില പ്രോജക്ടുകളിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കും മറ്റേയാൾ 0.01,0.1എന്നിങ്ങനെ ദശാംശകുറവിലും. ഇതിനാൽ പ്രോജക്ടുകളിൽ ടെണ്ടർ സേവിംഗ്സ് ഉണ്ടാകുന്നില്ല. സമീപ പഞ്ചായത്തുകളിൽ ഭേദപ്പെട്ട ടെണ്ടർ കുറവിന് കോൺക്രീറ്റ് പണികൾ കരാർ ചെയ്യപ്പെടുന്നുണ്ട്. എന്തുകൊണ്ട് ആ നേട്ടം ഇവിടെ ഉണ്ടാകുന്നില്ലെന്നത് ഗ്രാമപഞ്ചായത്ത് കമ്മറ്റി പരിശോധിക്കേണ്ടതാണ്. വരും വർഷങ്ങളിൽ മരാമത്ത് പ്രോജക്ടുകൾ മുഴുവൻ അടങ്കൽ കണക്കാക്കാതെ ഇ ടെണ്ടർ ചെയ്യുന്നത് ഗ്രാമപഞ്ചായത്തു കമ്മറ്റിയും വികസന സ്ഥിരം സമിതിയും പരിഗണിക്കേണ്ടതാണ്.

3.**നിർവഹണകാലം പ്രോജക്ടിന്റെ വലുപ്പം,സാങ്കേതികത എന്നിവ പരിഗണിക്കാതെ:**ശരാശരി 2ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള പ്രോജക്ടുകളാണ് അസി.എഞ്ചിനിയർ നടപ്പാക്കിയത്. സാങ്കേതിക സംവിധാനങ്ങൾ കാര്യമായി ആവശ്യമില്ലാത്ത കോൺക്രീറ്റ്, റീ ടാറിംഗ്, അറ്റകുറ്റപ്പണികൾ എന്നിവയാണ് പ്രോജക്ടുകൾ. എന്നാൽ പ്രോജക്ടുകൾക്ക് നല്കിയ കുറഞ്ഞ നിർവഹണകാലം 5മാസമാണ്. നടപ്പാക്കിയ പ്രോജക്ടുകൾക്ക് മൂന്ന് മാസം നിർവഹണകാലം പോലും അവശ്യമില്ല. പ്രോജക്ടുകളെ യുക്തിസഹമായി വിലയിരുത്താതെ നിർവഹണകാലം അനുവദിക്കുന്നത് പൊതുതാല്പര്യത്തേക്കാളേറെ കരാറുകാർക്കാണ് സഹായകം.

പശ്ചാത്തല മേഖലയിലെ പ്രോജക്ട് നിർവഹണത്തിൽ ഓഡിറ്റ് വ്യക്തമാക്കിയ അപാകങ്ങളിലേക്ക് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-26 ഹരിതകർമ്മസേന പ്രവർത്തനം -അവലോകനം

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട 'ശുചിത്വമാലിന്യ സംസ്കരണം' എന്ന മിഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിലേക്കുള്ള നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് നം. 2420/2017ത.സ്വ.ഭ.വ തീയതി 15.07.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ പ്രവർത്തന സംവിധാനത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളെല്ലാം തന്നെ നടത്തികൊണ്ടുപോകുന്നതിനാവശ്യമായ ആവർത്തന ചെലവുകൾ, ഏറ്റവും കുറഞ്ഞതോതിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും ചെലവഴിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലേക്കായി പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന സേവനത്തിനുള്ള ഫീസും (ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കനുസരിച്ച് വീടുകളിൽ നിന്നും ₹50യും സ്ഥാപനങ്ങളിൽ നിന്നും ₹100 യുമാണ്) പരിസ്ഥിതി മലിനപ്പെടുത്തവരിൽ നിന്ന് പിഴ ഈടാക്കുവാനും നിർദ്ദേശിച്ചിരുന്നു.

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് തെരഞ്ഞെടുത്ത ഹരിതകർമ്മസേനയാണ്. 14 വാർഡുകളിൽ തുടക്കത്തിൽ വാർഡ് ഒന്നിന് 2 എന്ന കണക്കിന് 28 പേർ ഹരിത കർമ്മസേനയിൽ ഉണ്ടായിരുന്നു. എന്നാൽ നിലവിൽ 24 പേരാണ് ഹരിതകർമ്മസേനയിലുള്ളത്. ഇവർ മാസത്തിൽ 30% വീടുകളിൽ മാത്രമാണ് മാലിന്യശേഖരണത്തിനായി കയറുന്നത്. അതിൽ 20% വീടുകളിൽ നിന്നുമാത്രമാണ് യൂസേഴ്സ് ഫീ കളക്ട് ചെയ്യുന്നത്. വാർഡ് 1, 4, 5 & 12 എന്നീ വാർഡുകളിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിന് സ്ഥിരമായി പ്രവർത്തിക്കുവാൻ തയ്യാറായിട്ടുള്ളവർ ഇല്ല. ഈ ജോലിയുടെ പ്രത്യേകതയും, മാലിന്യം ശേഖരിക്കുവാൻ പോകുന്ന വീടുകളിൽ നിന്നുള്ള

മോശം സമീപനവും മൂലമാണ് ഹരിതകർമ്മസേനയിൽ പ്രവർത്തിക്കുവാൻ ആളുകൾ വിമുഖത കാട്ടുന്നതെന്നാണ് ഓഡിറ്റ് അന്വേഷണകുറിപ്പ് (നം. 16/ 28.10.2021)-ന് നൽകിയ മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. 2019-20 & 2020-21 സാമ്പത്തിക വർഷത്തിൽ ഹരിതകർമ്മസേനാ പ്രവർത്തകർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഹരിതകർമ്മസേനാഗങ്ങൾക്ക് നൽകിയ തുക (VGF ഉൾപ്പെടെ) |
|---|---|
| 2019-20 | ₹ 58,162 |
| 2020-21 | ₹ 50,120 |

ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളും വാണിജ്യ-വ്യവസായ-വ്യാപാര-ഓഫീസ് സ്ഥാപനങ്ങളും ഹരിതകർമ്മസേനാ മാലിന്യ പദ്ധതിയിൽ അംഗമാകണമെന്ന് ഉത്തരവ് നം. 1496/2020 ത.സ്വ.ഭ.വ തീയതി 12.08.20 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വസ്തു നികുതിയുടെ സോഫ്റ്റ് വെയറായ സഞ്ചയയിൽ നിന്നുള്ള വിവരപ്രകാരം ഗ്രാമപഞ്ചായത്തിൽ പാർപ്പിട പാർപ്പിടേതര വിഭാഗത്തിലായി ആകെ 8242 കെട്ടിടങ്ങളാണുള്ളത്. എന്നാൽ പഞ്ചായത്തിലെ മുഴുവൻ വീടുകളിൽ നിന്നും യൂസർ ഫീ കിട്ടുന്നില്ല. 2019-20 & 2020-21 വർഷങ്ങളിൽ വാണിജ്യ-വ്യവസായ-വ്യാപാര-ഓഫീസ് സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ഇനത്തിൽ യാതൊരു തുകയും ലഭിച്ചിട്ടില്ല.

2019-20 & 2020-21 വർഷങ്ങളിൽ യൂസർ ഫീ ഇനത്തിൽ ലഭിച്ചതുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വീടുകളിൽ നിന്നും ലഭിച്ച യൂസർ ഫീ | പാർപ്പിടേതര കെട്ടിടത്തിൽ നിന്നും ലഭിച്ച യൂസർ ഫീ |
|---|---|---|
| 2019-20 | 44,888 | 0 |
| 2020-21 | 13,260 | 0 |

മാലിന്യശേഖരണ സംസ്കരണത്തിനായുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളും ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളും മുഴുവൻ കടകളിലും വീടുകളിലും എത്തിച്ചിട്ടുള്ളതാണ്. പദ്ധതി നം.S0184/20-21 IEC- (Information Education & Communication). ഈ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ ഓരോ വീടുകളിലും കടകളിലും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും വിവിധങ്ങളായ മാലിന്യങ്ങളുടെ ശേഖരണത്തിനായി നിർദ്ദേശിച്ചിരിക്കുന്ന ദിവസങ്ങളടങ്ങിയ ബ്രോഷറും കലണ്ടറുകളും വിതരണം ചെയ്യുകയും ഉണ്ടായി. എന്നാലും ജനങ്ങൾ ഈ പ്രവർത്തനങ്ങോട് ഇപ്പോഴും വിമുഖത കാട്ടുന്നു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം സഗൗരവം കാണേണ്ടതും മുഴുവൻ ജനപ്രതിനിധികളുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളേയും സ്ഥാപനങ്ങളേയും പദ്ധതിയിൽ അംഗമാക്കുവാൻ ശ്രമിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. ഹരിതകർമ്മസേന പ്രവർത്തകർ ഓരോ വീടും സ്ഥാപനവും സന്ദർശിച്ച് ഓരോയിടത്തും ഉല്പാദിപ്പിക്കപ്പെടുന്ന അജൈവ-ജൈവ മാലിന്യത്തിന്റെ അളവ് ശേഖരിക്കുകയും നിലവിൽ അനുവർത്തിച്ചുവരുന്ന മാലിന്യ സംസ്കരണ രീതികൾ കണ്ടെത്തുകയും അതോടൊപ്പം ജൈവമാലിന്യത്തെ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ലളിതമായി മനസ്സിലാക്കി കൊടുക്കുകയും വേണം. അജൈവ മാലിന്യത്തിന്റെ ശേഖരണ, സംഭരണ, സംസ്കരണ, കൈമാറ്റരീതികൾ വിശദീകരിച്ച് കൊടുത്ത് ഗ്രാമപഞ്ചായത്തിലെ ഓരോ കുടുംബങ്ങളേയും വാണിജ്യ-വ്യാപാര-വ്യവസായസ്ഥപനങ്ങളും ഹരിതകർമ്മസേനാ പ്രവർത്തനങ്ങളോട് അടുപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭയിലും മറ്റും ജനങ്ങള ബോധവത്ക്കരിക്കുവാനും പദ്ധതിയിൽ അംഗങ്ങൾ ആക്കുവാനും ജനപ്രതിനിധികൾ ശ്രമിക്കണം.
2. ഏതെങ്കിലും സ്ഥാപനമോ, വീടോ മലിനജലം/ ഖരമാലിന്യം അലസമായി പൊതുസ്ഥലത്തോ ജലശേഖരത്തിലോ നിക്ഷേപിക്കുന്നതിനെതിരെ കർശന നടപടിയെടുക്കേണ്ടക്കേണ്ടതും ശിക്ഷാ നടപടികളുടെ ഭാഗമായി പിഴ ഈടാക്കുകയും ചെയ്യേണ്ടതാണ്.
3. ജൈവമാലിന്യം ജൈവവളമാക്കി മാറ്റി മികച്ച രീതിയിൽ ജൈവ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം ൽകേണ്ടതാണ്.

## 1-27 റീ ടാറിംഗ് - ബില്ല് തീർപ്പാക്കിയത് ടാറിന്റെ ബില്ലില്ലാതെ

അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ റോഡ് റീ ടാറിംഗ് പണികളികളിൽ കരാറുകാരുടെ ബില്ല് തീർപ്പാക്കിയത്

ടാറിന്റെ അസൽ ബില്ലില്ലാതെയാണ്.

റീടാറിംഗ് പ്രോജക്ടുകളിൽ ഉപയോഗിച്ച ടാറിന്റെ അസൽ ബില്ലുകൾ വാങ്ങി അവയുടെ കൃത്യത ഉറപ്പാക്കി കരാറുകാരുടെ ബില്ല് തീർപ്പാക്കണമെന്ന് സർക്കാർ ഉത്തരവുണ്ട്( G.O.(P.)No.96/2016/Fin., Dtd. 15.07.2016).

സർക്കാർ ഉത്തരവിന് വിരുദ്ധമായി 2020-21 സാമ്പത്തികവർഷം അസി.എഞ്ചിനിയർ നിർവഹിച്ച റോഡ് റീ ടാറിങ് പ്രവർത്തികളുടെ ഫയലിൽ ടാർ ബില്ലിന്റെ ഫോട്ടോ കോപ്പികളാണ് സൂക്ഷിച്ചിരിക്കുന്നത്. ഇത് ടാർ നല്കിയ ബിപിസിഎല്ലിന്റെ അസൽ ബില്ലുകളായി കണക്കാക്കാനാവില്ല. അസൽ ബില്ലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ(6/20-21,23/10/2021)ത്തിന് "ബിപിസിഎൽ 19-20ൽ ടാർബില്ല് ഹാർഡ് കോപ്പി നല്കിയിരുന്നു. എന്നാൽ 20-21ൽ ടാറിന്റെ ബില്ല് ഇമെയിലായാണ് കരാറുകാർക്ക് നൽകിയത്. അതിന്റെ പകർപ്പാണ് സൂക്ഷിച്ചിരിക്കുന്നത്"എന്ന് മറുപടി നല്കിയിട്ടുണ്ട്.

അസൽ ബില്ലില്ലാതെ കരാറുകാരുടെ ബിൽ തീർപ്പാക്കിയ പ്രവർത്തികളുടെ പ്രോജക്ട് നമ്പരും ചെലവും താഴെ ചേർക്കുന്നു.

1. പ്രോ.46 ബിൽ നം.13800037685/12.04.2020 (308236രൂപ)
2. പ്രോ.48 ബിൽ നം.1380037684/12.04.2020 (308388രൂപ)
3. പ്രോ.92 ബിൽ നം.13801420763/29.03.2021 (275456രൂപ)
4. പ്രോ.98 ബിൽ നം. 13801409954/28.03.2021 (279843രൂപ),
5. പ്രോ.155 ബിൽ നം.13801375907/26.03.2021 (408127രൂപ)
6. പ്രോ.156 ബിൽ നം.13801305656/20.03.2021 (125096രൂപ).

പ്രവൃത്തികളിൽ സർക്കാർ ഉത്തരവ് പാലിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ജാഗ്രത കാണിക്കേണ്ടതാണ്.

## 1-28 ജി.എസ്.ടി നഷ്ടപരിഹാരം നല്കിയത് പത്രികവാങ്ങാതെ

മരാമത്ത് പ്രോജക്ടുകളുടെ കരാറുകാരിൽ നിന്ന് സ്വയം വെളിപ്പെടുത്തൽ പ്രസ്താവന വാങ്ങാതെ ഗ്രാമപഞ്ചായത്ത് അവർക്ക് ജി.എസ്.ടി നഷ്ടപരിഹാരം നല്കി.

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും മരാമത്ത് പ്രോജക്ടുകളുടെ കരാറുകാർക്ക് 12% ജി.എസ്.ടി നഷ്ടപരിഹാരം നല്കുന്നത് അവരിൽ നിന്നും ജി.എസ്.ടി രജി സ്റ്റേഷൻ നമ്പർ, പൂർണവിലാസം എന്നിവ രേഖപ്പെടുത്തിയ സ്വയം വെളിപ്പെടുത്തൽ പ്രസ്താവന വാങ്ങി വേണമെന്ന് സ.ഉ(സാധാ)2532/2018 തസ്വഭവ,29.09.2018 ഉത്തരവ് നിർദേശിച്ചിരുന്നു. പ്രസ്താവനയുടെ മാതൃകയും ഉത്തരവിനൊപ്പം ചേർത്തിരുന്നു. കരാറുകാർ പ്രസ്താവനയുടെ നാലു പകർപ്പ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിനൊപ്പം കേന്ദ്ര സംസ്ഥാന ജി.എസ്.ടി വകുപ്പുകൾക്കും നല്കണമെന്ന് ഉത്തരവ് വ്യക്തമാക്കിയിരുന്നു. ഉത്തരവ് നിർദേശിച്ച നികുതി ചോർച്ച തടയാനുള്ള സംവിധാനം ഉറപ്പാക്കാതെ നഷ്ടപരിഹാരം നല്കിയത് വീഴ്ചയാണ്.

2019-20,2020-21 സാമ്പത്തിക വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹിച്ച മരാമത്ത് പ്രോജക്ടുകളിലാണ് പ്രസ്താവന വാങ്ങാതെ ജി.എസ്.ടി നഷ്ട പരിഹാരം നല്കിയത്. 19-20 ലെ 45 ഉം 20-21 ലെ 58ഉം പ്രോജക്ടുകൾക്കാണ് നഷ്ട പരിഹാരം നല്കിയത്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി നഷ്ടപരിഹാരം നല്കിയതിന് വിശദീകരണം തേടിയ ഓഡിറ്റ് അന്വേഷണ (5/20-21,23.10.2021)ത്തിന് "പ്രസ്താവന വാങ്ങി സൂക്ഷിച്ചിട്ടില്ല.പ്രസ്താവന ഫയലിൽ സൂക്ഷിക്കുന്നതാണ്". എന്ന് മറുപടി നല്കി. സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് ജാഗ്രത കാണിക്കേണ്ടതാണ്.

## 1-29 അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി- ന്യൂട്രിമിക്സ് യൂണിറ്റിന് അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നം./ പേര് | 3/21 അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി |
| അടങ്കൽ | 800000(വികസന ഫണ്ട്-പൊതു)600000(സെൻട്രൽ ഷെയർ)100000(ബ്ലോക്ക് പഞ്ചായത്ത്) 200000(ജില്ലാ പഞ്ചായത്ത്) |
| ചെലവ് തുക | 800000(വികസന ഫണ്ട്-പൊതു)407231(സെൻട്രൽ |

| | |
|---|---|
| | ഷെയർ)100000(ബ്ലോക്ക് പഞ്ചായത്ത്) 200000(ജില്ലാ പഞ്ചായത്ത്) |

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം ഗ്രാമശ്രീ ന്യൂട്രിമിക്സ് യൂണിറ്റ്, ഇരവിപേരൂർ എന്ന സ്ഥാപനത്തിന്റെ 14.10.2020 ലെ 159 നമ്പർ ബിൽ പ്രകാരം 1108 കി.ഗ്രാം അമൃതം ന്യൂട്രിമിക്സിന്റെ വിലയായി 84208 രൂപ കേന്ദ്ര വിഹിതത്തിൽ (ചെക്ക് നം.2789190/22.03.2021) നിന്നും നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ടി ബിൽ പ്രകാരം 1008കി.ഗ്രാം അമൃതം ന്യൂട്രിമിക്സാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 100 കി. ഗ്രാം അമൃതം ന്യൂട്രിമിക്സ് സ്റ്റോക്കിലെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.27/30.10.2021)സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള 1008കി.ഗ്രാം അമൃതം ന്യൂട്രിമിക്സാണ് സ്ഥാപനം ലഭ്യമാക്കിയതെന്നും കൂടുതലായി തുക നൽകിയത് ശ്രദ്ധയിൽപ്പെട്ടപ്പോൾ അധികമായി നൽകിയ 100കി.ഗ്രാം ന്യൂട്രിമിക്സിന്റെ വിലയായ 7600 രൂപ ഗ്രാമശ്രീ ന്യൂട്രിമിക്സ് യൂണിറ്റിന്റെ 22.02.2021 ബിൽ നമ്പർ 217ലെ തുകയായ 32813 രൂപയിൽ നിന്നും കുറവ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതായും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിലവിലും അമൃതം ന്യൂട്രിമിക്സിന്റെ വിലയിനത്തിൽ അധികം നൽകിയ തുക സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കുകയോ പിന്നീടുള്ള ബില്ലിൽ കുറവു ചെയ്യുകയോ ചെയ്തിട്ടില്ലാത്തതിനാൽ അധികമായി ചെലവഴിച്ച 7600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള വിതരണം- സംയുക്ത പരിശോധന നടത്തിയില്ല

2020 ജനവരി വരെ ഗ്രാമപഞ്ചായത്തിൽ നിന്നും 194 പൊതു ടാപ്പുകൾക്കുള്ള തുകയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്നത്. എന്നാൽ 2020 ഫെബ്രുവരി മുതൽ 208 പൊതു ടാപ്പുകൾക്കുള്ള തുക വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നു. കൂടുതലായി സ്ഥാപിച്ച പൊതുടാപ്പുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/28.10.2021), വട്ടരി മലേക്കീഴ് കുടിവെള്ള പദ്ധതി നിർവ്വഹണത്തിനായി വാട്ടർ അതോറിറ്റിയിൽ 63,94,104 രൂപ നിക്ഷേപിച്ചിരുന്നുവെന്നും പ്രസ്തുത പദ്ധതി പ്രകാരമാണ് 14 കുടിവെള്ള ടാപ്പുകൾ പുതിയതായി സ്ഥാപിച്ചിട്ടുള്ളതെന്നും, എന്നാൽ പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ലായെന്നുമാണ് മറുപടിയാണ് നൽകി. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം (ഓരോ പണിയുടെയും ഇനം തിരിച്ചുള്ളത്) അടിയന്തിരമായി വാട്ടർ അതോറിറ്റിയിൽ നിന്നും വാങ്ങേണ്ടതും പൂർത്തീകരണശേഷം തുക ബാക്കിയുണ്ടെങ്കിൽ തിരിച്ചു പിടിക്കേണ്ടതുമാണ്. 2020 ആഗസ്റ്റ് മുതൽ 209 പൊതു ടാപ്പുകൾക്കുള്ള തുകയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്. ടാപ്പൊന്നിന് 5250 രൂപ നിരക്കിൽ ഈയിനത്തിൽ ഒരു വർഷത്തിൽ അടവാക്കേണ്ട 10,93,314 രൂപ 12 ഗഡുക്കളായി നിശ്ചയിച്ച് പ്രതിമാസം 91,438 രൂപ പ്രകാരമാണ് അടവാക്കി വരുന്നത്. പൊതു ടാപ്പുകളുടെ വാർഡ് തിരിച്ചുള്ള കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലല്ല വെള്ളക്കരം ഒടുക്കുന്നത്. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവിന്റെ വിവരം താഴെകൊടുക്കുന്നു.

| വർഷം | ചെലവ് |
|---|---|
| 2019-20 | ₹ 9,96,418 |
| 2020-21 | ₹ 10,93,314 |

2021 മാർച്ച് മാസത്തെ ഡിമാന്റ് പ്രകാരം 91,438 രൂപയും കുടിശ്ശിക ഇനത്തിൽ ഫൈനൽപ്പെടെ 6,14,877 രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. (2020 മാർച്ച് മുതലാണ് കുടിശ്ശിക ഇനത്തിൽ തുക അടവാക്കുവാനുള്ളത്)

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം ചെറുതും വലുതുമായ 35 കുടിവെള്ള പദ്ധതികളുണ്ട്. ഇതുകൂടാതെ ഓരോ വർഷവും പുതിയ കുടിവെള്ള പദ്ധതികൾക്കായി വാട്ടർ അതോറിറ്റിയിൽ വലിയ തുകകൾ നിക്ഷേപിക്കുന്നുണ്ട്. ഓഡിറ്റ് വർഷംസാമ്പത്തിക വർഷം 53 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട് ( തെള്ളിയൂർക്കാവ് ജലവിതരണ പദ്ധതി വിപുലീകരണം (S0206/21) എന്ന പദ്ധതി പ്രകാരം 30,00,000 രൂപയും വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി (S0207/21) എന്ന പദ്ധതി പ്രകാരം 23,00,000 രൂപയും). ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടോയെന്നുള്ള തുടർ നിരീക്ഷണം നടക്കുന്നില്ല. മുൻ വർഷങ്ങളിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ പ്രകാരമുള്ള ഭൂരിഭാഗം പൊതു ടാപ്പുകളും പ്രവർത്തന രഹിതമാണ്. ഉദാഹരണമായി ഉപ്പമാവുങ്കൽ പട്ടിക വർഗ്ഗ കോളനിയിലെ 5 പൊതുടാപ്പുകൾ വർഷങ്ങളായി പ്രവർത്തന രഹിതമാണെന്നും വാർഡ് മെമ്പർ വഴി പരാതി നൽകിയിട്ടുണ്ടെന്നും എസ്.റ്റി. പ്രമോട്ടറിൽ നിന്നും അറിയുവാൻ സാധിച്ചു. ഇതിന്മേൽ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളെ സംബന്ധിച്ച്, ട്രീറ്റ് ടാപ്പുകൾ സ്ഥിതിചെയ്യുന്ന വാർഡ്, ലൊക്കാലിറ്റി എന്നീ വിവരങ്ങൾ ഉൾക്കൊള്ളുന്നതും സ്ട്രീറ്റ് ടാപ്പുകളുടെ പരിപാലനം സംബന്ധിച്ചുള്ളതുമായ

രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രവർത്തന രഹിതമായ പൊതു ടാപ്പുകളുടെ എണ്ണം ജനപ്രതിനിധികളുടെ സഹായത്തോടെ കണ്ടെത്തുവാനോ അവ ഒഴിവാക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം സഗൗരവം കാണേണ്ടതും വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതുമാണ്.

**അപാകതകൾ**

- പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.
- പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനായി ഗാർഹിക കുടിവെള്ള കണക്ഷനുകൾക്ക് സബ്സിഡി നൽകുന്നതിനുള്ള പദ്ധതികൾ ഓഡിറ്റ് വർഷങ്ങളിൽ നടപ്പിലാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

1. പൊതുടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനായി ഹൗസ് കണക്ഷനുകൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിച്ച് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
2. സ.ഉ (സാധാ) നം. 1275/09 തിയ്യതി 30.5.2009 പ്രകാരം പുറപ്പെടുവിച്ച കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്/ കാര്യക്ഷമമാക്കൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 100000 | അംഗൻവാടിഅനുപൂരക പോഷകാഹാരപരിപാടി (3/21) | 100000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ആനുകൂല്യങ്ങളും (4/21) | 100000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 95700 | 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ (146/21)(SO) | 95700 | 0 |
| ജില്ലാ | 200000 | അംഗൻവാടിഅനുപൂരക | 200000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | പോഷകാഹാരപരിപാടി (3/21) | | |
| ജില്ലാ പഞ്ചായത്ത് | 1300000 | ഇടവിളക്കൃഷിയും വാഴവിത്ത് വിതരണവും(44/21) (SO) | 1300000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(30/21) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 210000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(45/21)(SO) | 210000 | 0 |
| ജില്ലാ പഞ്ചായത്ത് | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ആനുകൂല്യങ്ങളും (4/21) | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | അംഗൻവാടിഅനുപൂരക പോഷകാഹാരപരിപാടി (41/21)(SO) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ആനുകൂല്യങ്ങളും (42/21)(SO) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 28533 | ലൈഫ് ഭവനപദ്ധതി- എസ്.സി (128/20) (SO) | 28533 | 0 |
| ജില്ലാ പഞ്ചായത്ത് | 299632 | പാലിയേറ്റീവ് പരിചരണം(11/21) | 299632 | 0 |
| ജില്ലാ പഞ്ചായത്ത് | 249000 | പാലിയേറ്റീവ് പരിചരണം(136/21)(SO) | 249000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക (യു.സി. ലഭിച്ചത് പ്രകാരം) ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|
| MGNREGS | 9-ാം വാർഡ് അങ്കണവാടി നിർമ്മാണം പഞ്ചായത്ത് വിഹിതം നൽകൽ- MGNREGS മിഷൻ ഡയറക്ടർക്ക് നൽകിയത് (S0149/21) | 2,60,000 | 2,60,000 | പദ്ധതി പ്രവർത്തനം അന്തിമ ഘട്ടത്തിലാണ് |
| കേരള വാട്ടർ അതോറിറ്റി | തെള്ളിയൂർക്കാവ് ജലവിതരണ പദ്ധതി വിപുലീകരണം (S0206/21) | 30,00,000 | ഇല്ല | 30,00,000 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി (S0207/21) | 23,00,000 | ഇല്ല | 23,00,000 |
| കെ.എസ്.ഇ.ബി. | ഊഹേത്ത് പടി അടിച്ചിനാകുഴി റോഡിൽ | 65,136 | 65,136 | ഇല്ല |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0204/21) | | | |
| കെ.എസ്.ഇ.ബി. | വാഴക്കാല പെരുമ്പാറ റോഡിൽ അവശേഷിക്കുന്ന ഭാഗത്ത് സ്ട്രീറ്റ്മെയിൻ വലിക്കൽ (S0183/21) | 29,750 | ഇല്ല | 29,750 |
| കെ.എസ്.ഇ.ബി. | 8-ാം വാർഡിലെ വള്ളിക്കാല കോളഭാഗം റോഡിൽ വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ (S0118/21) | 1,07,100 | ഇല്ല | 1,07,100 |
| കെ.എസ്.ഇ.ബി. | വാർഡ് 10-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (S0052/21) | 79,730 | ഇല്ല | 79,730 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ ചെലവില്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | 3551439 | 660000 | 4211439 | 439216 | -- | 3772223 |

പ്രത്യേക ഘടക പദ്ധതിയിൽ ലൈഫ് മിഷൻ വായ്പ തിരിച്ചടവിലേക്ക് സ്രോതസ്സിൽ കുറവ് ചെയ്ത 2,94,118 രൂപ 2019-20-ലെ വാർഷിക കണക്കിലെ ലോൺ അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ലോൺ തുകയുടെ നീക്കിയിരുപ്പും വാർഷിക കണക്കിലെ തുകയുടെ നീക്കിയിരുപ്പുമായി 2,94,118 രൂപയുടെ വ്യത്യാസം ഉണ്ട്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4,265 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു,

| *റിപ്പോർട്ട് വർഷം* | *ഭാഗം/ ഖണ്ഡിക* | *ഈടാക്കിയ തുക* | *ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും* | *രസീത് നമ്പർ/ തീയതി* |
|---|---|---|---|---|
| 2017-18 | 3-3(1) | 1866 | ജോൺസി ജോർജ്ജ്, അസി.എഞ്ചിനീയർ | 120020101209/ 13-10-2020 |
| | 3-3(2) | 2399 | ,, | 120020101210/ 13-10-2020 |
| **ആകെ** | | **4265** | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-2. | 2006-07 | 3.18.2.5 | തെരുവുവിളക്കുകൾ സ്ഥാപിക്കൽ- വെണ്ണിക്കുളം അസി.എഞ്ചിനീയർക്ക് അടവാക്കിയത്- പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല | നിലനിൽക്കുന്നു |
| 2014-15 | 2-1. | 2016-17 | അനുബന്ധം-3 | വസ്തു നികുതി- അപാകതകൾ | നിലനിൽക്കുന്നു |
| 2014-15 | 2-2. | 2016-17 | അനുബന്ധം-3 | വസ്തു നികുതി- അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 2-7. | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി -അപാകതകൾ | നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്,സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| ഇനം | തുക |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 70042798 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60211999 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 7600 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായവരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 7600 | ശ്രീമതി. ഉഷ കെ കെ, |

| | | |
|---|---|---|
| | | ഐ സി ഡി എസ് സൂപ്പർവൈസർ |

**ഡി) കേന്ദ്ര,സംസ്ഥാന സർക്കാരുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റ വിവരം**

ഇല്ല

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും,സ്ഥിര മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഉഷ കെ കെ, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | ശ്രീരാഗം, ഇടയാറന്മുള വെസ്റ്റ് പി.ഒ., പിൻ – 689532 |

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.8-178/04 തീയതി 02.11.2004/14.01.2005 | 7 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.8-462/07 തീയതി 12.12.2011/21.07.2012 | 19 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.3-389/05 തീയതി 05.05.2006 | 12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.5-676/11 തീയതി 09.12.11/27.07.12 | 14 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.5-677/11 തീയതി 12.12.2011/28.07.12 | 28 |
| 2006-07 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി.8-975/12 തീയതി 23.03.13/03.06.14 | 11 |

| | | |
|---|---|---|
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ.പി.8-538/14 തീയതി 26.08.14/ 17.03.15 | 3 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി-8-601/16 തീയതി 01.06.2016 | 3 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി-8-1359/16 തീയതി 24.12.2016 | 21 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി-8-1131/17 തീയതി 04.10.2017 | 16 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി-8-1379/18 തീയതി 24.10.2018 | 23 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി-8-4/2020തീയതി 03.02.2020 | 6 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി-8/ 750/2021 തീയതി 20.12.2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്